**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1918** **14.08.2017-ൽ മറുപടിയ്ക്ക്**

## പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ് പ്രവേശനം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ് :** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** | |
| (എ) | പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിന് കോളേജ് മാനേജ്മെന്റ് സർക്കാരുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ ഫീസ് നിലനിർത്തിക്കൊണ്ട് ഇക്കൊല്ലവും MBBS പ്രവേശനം നടത്തുന്നതിൽ സർക്കാരും പരിയാരം മെഡിക്കൽ കോളേജും തമ്മിൽ 24/07/2017 ന് കരാറിലേർപ്പെട്ടിട്ടുണ്ട് |
| (ബി) | സ്വാശ്രയ മാനേജ്മെന്റുകൾ 20 ശതമാനം സീറ്റിൽ 25,000/- രൂപ ഫീസ് ഈടാക്കി ബി.പി.എൽ. എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുമ്പോൾ പരിയാരം കോളേജിൽ പ്രസ്തുത വിഭാഗത്തിൽ നിന്നും 40,000/- രൂപ ഫീസായി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ബി.പി.എൽ വിഭാഗത്തിലെ അർഹരായ കുട്ടികൾക്ക് 25000 രൂപ ഫീസ് നിരക്കിലും SEBC വിഭാഗത്തിൽപ്പെട്ട അർഹരായ കുട്ടികൾക്ക് 45000 രൂപ നിരക്കിലും പഠിപ്പിക്കുവാനാണ് പരിയാരം മെഡിക്കൽ കോളേജുമായി കരാറായത്. ഇതേ നിരക്കിലാണ് കഴിഞ്ഞ വർഷവും കരാറിൽ ഏർപ്പെട്ടത്. |
| (സി) | സമർത്ഥരായ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കുവാനുള്ള സാഹചര്യമൊരുക്കേണ്ട സഹകരണ സ്ഥാപനം തന്നെ അന്യായമായ ഫീസ് ഈടാക്കുന്ന നടപടി സാമൂഹ്യ നീതി ഉറപ്പാക്കുന്നതിന് എപ്രകാരം സഹായകരമാകും എന്ന് വെളിപ്പെടുത്തുമോ? | (സി) | പരിയാരം മെഡിക്കൽ കോളേജിൽ അന്യായമായ ഫീസ് ഈടാക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**